പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 226 23.01.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സിയിലെ ചെലവ്

ചോദ്യം — ശ്രീ.സി.മമ്മൂട്ടി

ഉത്തരം — പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 31.12.2017 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി എത്ര സൗഖ്യവർദ്ധിത ഓഫീസ് ഉപകരണങ്ങൾ ഒഴിവാക്കിയിട്ടുണ്ട് ; അതിലൂടെ എത്ര തുക കെ.എസ്.ആർ.ടി.സിയ്ക്ക് ലാഭിക്കാനായിട്ടുണ്ട്; | (എ) | കെ.എസ്.ആർ.റ്റി.സി.യിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സൗഖ്യവർദ്ധിത ഓഫീസ് ഉപകരണങ്ങൾ ഒന്നും തന്നെ ഒഴിവാക്കിയിട്ടില്ല. |
| (ബി) | സിവിൽ വർക്കുകളിൽ അടിയന്തരമായിട്ടുള്ളത് ഒഴികെ എത്ര വർക്കുകൾ എന്ത് തുകയ്ക്ക് നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ; | (ബി) | 2016-2017 കാലയളവിൽ പൊതുമരാമത്ത് പണികൾക്കുവേണ്ടി പ്ലാൻ ഫണ്ട് വിനിയോഗിച്ച് 11,00,03,019/- തുകയുടെ പ്രവൃത്തികൾ വിവിധ ഡിപ്പോകളിലായി നിർവ്വഹിച്ചിട്ടുണ്ട്. |
| (സി) | എത്ര തുക ചെലവ് വരുമായിരുന്ന ഔദ്യോഗിക വാഹന ഉപയോഗമാണ് കുറച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | 2016-ലെ ഔദ്യോഗിക വാഹന ഉപയോഗത്തേക്കാൾ 2017-ൽ ഇന്ധനവിലയിൽ 2.28 ലക്ഷം രൂപയുടെ കുറവ് വരേണ്ട രീതിയിൽ ഉപഭോഗം നിയന്ത്രിച്ചിട്ടുണ്ട്. എന്നാൽ ഇന്ധനവിലയിൽ വർദ്ധനവ് ഉണ്ടായതിനാൽ ചെലവിൽ കുറവ് പ്രതിഫലിച്ചില്ല. |
| (ഡി) | ബോർഡ് മീറ്റിംഗിനൊഴികെയുള്ള ചായ സൽക്കാര ഇനത്തിൽ കെ.എസ്.ആർ.ടി.സി-യ്ക്ക് എത്ര തുക ചെലവായിട്ടുണ്ട് ; | (ഡി) | ബോർഡ് മീറ്റിംഗിനൊഴികെയുള്ള ചായ സൽക്കാര ഇനത്തിൽ കെ.എസ്.ആർ.ടി.സിയ്ക്ക് 1,96,947/- രൂപ ചെലവായിട്ടുണ്ട്. |
| (ഇ) | സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന കെ.എസ്.ആർ.ടി.സി-യിൽ ഉദ്യോഗസ്ഥരുടെ വീട്ടിൽ നിന്ന് ജോലിയിടത്തേക്കും തിരിച്ച് വീട്ടിലേയ്ക്കുമുള്ള യാത്ര കെ.എസ്.ആർ.ടി.സി-യുടെ ഔദ്യോഗിക യാത്രാ പാസ് ഉപയോഗിച്ച് മാത്രമാക്കുന്നതിന് നിർദ്ദേശം നൽകുമോ? | (ഇ) | സർക്കാർ ആഫീസുകളിലെ ഉന്നത ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ളതുപോലെ കെ.എസ്.ആർ.ടി.സിയിലെ ഹയർ ഡിവിഷൻ ആഫീസർമാർക്കും ഔദ്യോഗിക വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. ആയത് ഒഴിവാക്കി ഔദ്യോഗിക യാത്രാപാസ് ഉപയോഗിച്ച് മാത്രമുള്ള യാത്ര പ്രാവർത്തികമാക്കുന്നത് പ്രായോഗികമല്ല. |

**സെക്ഷൻ ഓഫീസർ**